കേരള നിയമസഭ നടപടികൾ

പത്താം കേരള നിയമസഭ

പതിനാലാം സമ്മേളനം

2000 ജൂൺ 19, തിങ്കൾ

വാല്യം: 111] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 1

നിയമസഭ 2000 ജൂൺ മാസം 19-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.എം.വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്കു അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : Good Morning Every body Order, Order.....

റേഷൻ സമ്പ്രദായം നിലനിർത്താൻ നടപടി

1 (*1) ശ്രീ. ടി. കെ. നൗഷാദ്:
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിറുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നതിന് നടത്തിയ അഖിലകക്ഷി പ്രതിനിധിസംഘത്തിന്റെ പാർലമെന്റ് ധർണ്ണയുടെ ഫലമായി റേഷനിംഗ് സമ്പ്രദായം പുനഃസംഘടിപ്പിക്കാൻ കേന്ദ്രഗവൺമെന്റ് ഉറപ്പു നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ അരിയും ഗോതമ്പും പഞ്ചസാരയും മണ്ണെണ്ണയും അനുവദിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ ;

(സി) റേഷൻ സമ്പ്രദായം നിലനിർത്തുന്നതിന് പ്രതിമാസം വേണ്ടി വരുന്ന അരി,ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവ എത്രയാണെന്നും ഇതിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പ്രതിമാസ വിഹിതം എത്രയെന്നും അറിയിക്കുമോ ;

(ഡി) റേഷനിംഗ് സമ്പ്രദായം നിലനിർത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും ബദൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : സർ,

(എ) 1-4-2000 മുതൽ ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചുകൊണ്ട് റേഷൻ സാധനങ്ങളുടെ വില കുത്തനെ വർദ്ധിപ്പിച്ച കേന്ദ്ര നടപടി പുന: പരിശോധിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടാണ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഏപ്രിൽ 18-ന് സംസ്ഥാനത്തെ എല്ലാം രാഷ്ട്രീയപാർട്ടികളിലുംപ്പെട്ട പ്രതിനിധികൾ പാർലമെന്റിന് മുന്നിൽ ധർണ നടത്തിയത്. അതേത്തുടർന്ന് പ്രതിനിധിസംഘം പ്രധാനമന്ത്രിയെ കണ്ട് ചർച്ച നടത്തുകയും നിവേദനം സമർപ്പിക്കുകയും ചെയ്തു. പരിഗണിക്കാം എന്നു പറഞ്ഞതല്ലാതെ വ്യക്തമായ ഉറപ്പൊന്നും അദ്ദേഹം നൽകിയില്ല.

(ബി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരായി കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്ന 25 ശതമാനം കുടുംബങ്ങൾക്ക് നൽകാനുള്ള അരി മാത്രമാണ് 50 ശതമാനം സബ്സിഡിയോടെ കേന്ദ്രത്തിൽ നിന്നും 1-4-2000 മുതൽ ലഭിക്കുന്നത്. ബാക്കിയുള്ളവ യഥാർത്ഥ വില (എക്കണോമിക് കോസ്റ്റ്)യ്ക്കാണ് നൽകുന്നത്.

(സി) കേരളത്തിൽ റേഷൻ സമ്പ്രദായം നിലനിർത്തുന്നതിന് പ്രതിമാസം 1,50,000 ടൺ അരിയും 50,000 ടൺ ഗോതമ്പും 15,507 ടൺ പഞ്ചസാരയും 34,462 കിലോലിറ്റർ മണ്ണെണ്ണയും ആവശ്യമാണ്. ഇതിൽ കേന്ദ്രത്തിൽ നിന്നും അലോട്ട് ചെയ്തു കിട്ടുന്ന സാധനങ്ങളുടെ അളവ് ഇപ്രകാരമാണ്.

അരി	1,45,320 ടൺ
ഗോതമ്പ്	37,720 ടൺ
പഞ്ചസാര	13,592 ടൺ
മണ്ണെണ്ണ	33,174 കിലോലിറ്റർ

ഭക്ഷ്യസാധനങ്ങളുടെ അലോട്ട്മെന്റിനെക്കാൾ നിർണ്ണായകമായിട്ടുള്ളത് അവയുടെ വില്പനവിലയാണ്. 1-4-2000വരെ പ്രതിമാസം കേന്ദ്രത്തിൽ നിന്നും 1,45,320 ടൺ അരി പൊതു കമ്പോളത്തിലെ വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് നമുക്ക് കിട്ടിക്കൊണ്ടിരുന്നു. എന്നാൽ 1-4-2000 മുതൽ കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചതുമൂലം പ്രതിമാസം 33,700 ടൺ അരി മാത്രമേ സബ്സിഡിയോടെ കേരളത്തിൽ ലഭിക്കുന്നുള്ളു.

(ഡി) റേഷനിംഗ് സമ്പ്രദായം നിലനിറുത്തുന്നതിന് സംസ്ഥാന ഗവൺമെന്റ് കഴിവുള്ള എല്ലാ നടപടികളും കൈക്കൊണ്ടുവരികയാണ്. 1-4-2000 മുതൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള എല്ലാം കാർഡ് ഉടമകൾക്കും അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യാനുസരണം പ്രതിമാസം 10 കിലോ അരി അധികമായി ഒരു രൂപ സബ്സിഡിയോടെ നൽകി. ദാരിദ്ര്യരേഖയ്ക്കു മേലേയുള്ള എല്ലാ കാർഡുടമകൾക്കും പ്രതിമാസം 20 കിലോ അരി വീതം ഒരു രൂപ സബ്സിഡിയോടെ (കിലോയ്ക്ക് 11 രൂപ 40 പൈസ നിരക്കിൽ) നൽകി. ഇതുമൂലം ഓഫ്ടേക്ക് ഗണ്യമായി വർദ്ധിക്കുന്നില്ലയെന്ന് കണ്ടതിനാൽ സബ്സിഡി തുക രണ്ടു രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് 9-6-2000-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപ്രകാരം ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങൾക്ക് 11-6-2000 മുതൽ പ്രതിമാസം 16 കിലോ അരി 10 രൂപ 40 പൈസ നിരക്കിൽ ലഭിക്കും. അതുകൂടാതെ കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കുന്ന 25 ശതമാനം കുടുംബങ്ങൾക്ക് പുറമേ ബാക്കിയുള്ള 17 ശതമാനം കുടുംബങ്ങൾക്ക് പ്രതിമാസം 20 കിലോ വീതം അരി പകുതി വിലയ്ക്ക് നൽകുന്നതിന്റെ മുഴുവൻ സാമ്പത്തിക ബാദ്ധ്യതയും സംസ്ഥാന സർക്കാരാണ് വഹിക്കുന്നത്. സംസ്ഥാന സബ്സിഡിക്കായി മൊത്തം 150 കോടി രൂപ ഈ വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ റേഷൻ കടകളിലൂടെ മറ്റു നിത്യോപയോഗ സാധാനങ്ങളും കുറഞ്ഞ വിലയ്ക്ക് വിൽക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

ശ്രീ. ടി. കെ. നൗഷാദ് : കേന്ദ്രം ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചതുമൂലം റേഷൻകടകളിൽ വേണ്ടത്ര ചെലവാകാതെ എഫ്.സി.ഐ. ഡിപ്പോകളിൽ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടന്ന് ചീത്തയായതിന്റെ ഫലമായി കേന്ദ്ര ഗവൺമെന്റിന് എന്ത് നഷ്ടമുണ്ടാകും? അതുപോലെ ഭക്ഷ്യ സബ്സിഡി വെട്ടിക്കുറച്ചതുമൂലം കേന്ദ്ര ഗവൺമെന്റിന് എന്ത് ലാഭമുണ്ടാകും?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കേന്ദ്ര ധനകാര്യ മന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞത് സബ്സിഡി 9,200 കോടിയിൽ നിന്നും 8,100 കോടിയായിട്ട് കുറയും എന്നാണ്. ഗവൺമെന്റിന് ഫിസ്ക്കൽ ഡെഫിസിറ്റ് കുറയ്ക്കാൻ 1100 കോടി ലാഭമുണ്ടാകും എന്നാണ് പറഞ്ഞത്. ഇപ്പോഴത്തെ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ കണക്കനുസരിച്ച് 42 മില്ല്യൻ ടൺ ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.യുടെ കൈവശം സ്റ്റോക്കുണ്ടെന്നാണ് അറിയുന്നത്. കഴിഞ്ഞ വർഷത്തെ ഇൻഡ്യാ ഗവൺമെന്റിന്റെ കണക്കനുസരിച്ച് എട്ട് മില്ല്യനിൽ ചിലാനം ഭക്ഷ്യധാന്യങ്ങൾ മാത്രമേ വിതരണം ചെയ്യാൻ സാധിച്ചുള്ളു. കേരളത്തിൽ ആറ് ലക്ഷത്തോളം ടൺ ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിലും പുറത്തുമായിട്ട് ഇരിക്കുകയാണ്. ഇതുകൂടാതെ കടകളിലും ഇരിപ്പുണ്ട്.

ശ്രീ. ടി. കെ. നൗഷാദ് : കഴിഞ്ഞ വർഷം എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്ന് എത്ര ടൺ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയതു. ഇപ്പോൾ എത്ര സ്റ്റോക്ക് ഉണ്ട്. എഫ്.സി.ഐ. ഗോഡൗണുകളിൽ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടക്കുന്നതു മൂലമുണ്ടാകുന്ന മെയിന്റനൻസ് കോസ്റ്റ് വലിയ തോതിൽ വരുന്നതിന്റെ ഫലമായി നഷ്ടമാണോ, ലാഭമാണോ ഉണ്ടാകുക?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഒരു കിലോ അരി ഒരു വർഷം എഫ്. സി.ഐ.യിൽ സ്റ്റോക്ക് കാണുന്നുണ്ടെങ്കിൽ 1.80 രൂപയാണ് കാരിയിംഗ് കോസ്റ്റ്. ഒരു വർഷം കിടക്കുകയാണെന്നുണ്ടെങ്കിൽ 1100 കോടി രൂപ ലാഭത്തിനു പകരം അതുതന്നെ മാത്രം 1800 കോടിയിൽ കൂടുതൽ നഷ്ടമുണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : പൊതു മാർക്കറ്റിലേയും റേഷൻ കടകളിലേയും ഭക്ഷ്യധാന്യങ്ങളുടെ വിലയിൽ സാരമായ വ്യത്യാസമില്ലാത്തു കൊണ്ടും റേഷനരിയുടെ ഗുണനിലവാരം കുറഞ്ഞതാണെന്നുള്ള ധാരണ കൊണ്ടും റേഷനരി വാങ്ങുന്ന ആളുകളുടെ എണ്ണം കുറഞ്ഞിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അത് സ്വാഭാവികമാണ്. അതുകൊണ്ടാണ് ആദ്യം ഒരു രൂപ സബ്സിഡി കൊടുത്തിട്ടും ഓഫ്ടേക്ക് ഒന്നുമില്ല. ഇപ്പോൾ നാൽപതിനായിരത്തിൽ ചിലാനം ടൺ പകുതി വിലയ്ക്ക് വിൽക്കുന്ന ഇനത്തിൽ പോകുന്നുണ്ട്. ബാക്കി എല്ലാംകൂടി പോകുന്നത് പതിനായിരം ടണ്ണാണ്. അതു കൊണ്ടാണ്ഇപ്പോൾ 16 കിലോ അരി രണ്ട് രൂപ സബ്സിഡിയോടുകൂടി കൊടുത്തു നോക്കുന്നത്. അല്പം ഓഫ്ടേക്ക് കൂടിയിട്ടുണ്ട്. എങ്കിലും ഒരു മാസമെങ്കിലും പോയതിനു ശേഷമേ ഇനി വേറെ ഏതെങ്കിലും പോളിസി അഡോപ്റ്റ് ചെയ്യണമോ എന്നുള്ള കാര്യത്തെക്കുറിച്ച് ആലോചിക്കാൻ പറ്റുകയുള്ളു.

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന അരി,ഗോതമ്പ് മുതലായവയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിയുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ക്വാളിറ്റി കുറഞ്ഞ ഭക്ഷ്യധാന്യങ്ങൾ എടുക്കരുതെന്ന് വളരെ കർശനമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കൊല്ലത്ത് ക്വാളിറ്റി കുറഞ്ഞ ഭക്ഷ്യധാന്യങ്ങൾ അടിച്ചേൽപ്പിക്കാൻ ശ്രമിച്ചപ്പോൾ വലിയ റെസിസ്റ്റൻസ് ഉണ്ടായി. ഈ കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ ടെലി ഫോണും ഫാക്സും മുഖാന്തിരം പെടുത്തിയിട്ടുണ്ട്. ഈ കാര്യത്തിൽ വലിയ റെസിസ്റ്റൻസ് ഉണ്ടായാൽ മാത്രമേപരിഹാരമുണ്ടാക്കാൻ സാധിക്കുകയുള്ളു.

ശ്രീ. പിരപ്പൻകോട് മുരളി : അരി,ഗോതമ്പ്, പഞ്ചസാര മുതലായവയുടെ സബ്സിഡി കേന്ദ്ര ഗവൺമെന്റ് നിർത്തലാക്കിയതിനെ തുടർന്ന് കേരളത്തിലെ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിറുത്താൻ സംസ്ഥാന സർക്കാരിന്റെ എത്ര കോടി രൂപയുടെ അധിക ബാദ്ധ്യത വരുമെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ എന്തൊക്കെ പ്രായോഗിക നടപടികൾ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സംസ്ഥാന ഗവൺമെന്റിന് മുഴുവനും റിപ്ലേയ്സ് ചെയ്യാൻ സാധിക്കുകയില്ല. റേഷൻ ഡിസ്ട്രിബ്യൂഷൻ കൊണ്ട് രണ്ട് ബെനിഫിറ്റാണുള്ളത്. ഒന്ന് സാധാരണക്കാർക്ക് വില കുറച്ച് കിട്ടുമെന്നുള്ളത്. രണ്ടാമത്തേത്, പൊതു കമ്പോളത്തിലെ വില നിയന്ത്രിക്കാൻ സാധിക്കും. കഴിഞ്ഞ വർഷം 16-18 ലക്ഷം ടൺ ഭക്ഷ്യധാന്യങ്ങൾ റേഷൻകടകൾ വഴി വിതരണം ചെയ്തു കൊണ്ടിരുന്നത് ഇപ്പോഴത്തെ രീതിയനുസരിച്ചാണെങ്കിൽ ആറ് ലക്ഷം ടണ്ണായിട്ട് ചുരുങ്ങും. അത് പത്തു ലക്ഷം ടൺ എങ്കിലുമാക്കുന്നതിന് വേണ്ടിയാണ് പുതിയ സബ്സിഡി നിരക്കൊക്കെ കൊണ്ടുവന്നിരിക്കുന്നത്. ആറു ലക്ഷം ടൺ എന്നുള്ളത് പത്ത് ലക്ഷം ടൺ എങ്കിലുമാക്കിയെങ്കിൽ മാത്രമേ പൊതുമാർക്കറ്റിലെ ഇന്റർവെഷൻ ശരിയാകുകയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പിരപ്പൻകോട് മുരളി : കേന്ദ്രം ഭക്ഷ്യധാന്യ സബ്സിഡി നിർത്തലാക്കിയതോടുകൂടി എഫ്.സി.ഐ. ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന ചീത്തയായ ഭക്ഷ്യധാന്യങ്ങൾ കേരളത്തിലെ റേഷൻ കടകളിൽക്കൂടി വിതരണം ചെയ്യുന്നതായുള്ള ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ക്വാളിറ്റി കുറഞ്ഞ ഭക്ഷ്യധാന്യങ്ങൾ എടുക്കരുതെന്ന് കർശനമായിട്ട് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പക്ഷേ ഇതിന്റെ അനന്തര ഫലം, പത്തുമുപ്പത് ലക്ഷം ടണ്ണെങ്കിലും ഭക്ഷ്യധാന്യം കോഴിത്തീറ്റയായിട്ടോ, കാലിത്തീറ്റയായിട്ടോ കേന്ദ്ര ഗവൺമെന്റിന് വിൽക്കേണ്ടതായിട്ട് വരും. ഈ രൂപത്തിൽ ആയിരം കോടി രൂപ ലാഭം കിട്ടുമെന്ന് ഉദ്ദേശിച്ച് പോയിട്ട് അവസാനം 20,000 കോടി രൂപയെങ്കിലും നഷ്ടത്തിൽ വരുമെന്ന് ബഹു: പ്രതിപക്ഷ നേതാവ് ഉൾപ്പെടെ എല്ലാ കക്ഷിയിൽപ്പെട്ട ആളുകളും കേന്ദ്രത്തിന്റെ ശ്രദ്ധയിൽ നേരത്തേ പെടുത്തിയിരുന്നതാണ്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : ഇൻഡ്യാ രാജ്യത്തെ എഫ്.സി.ഐ. ഗോഡൗണുകളിൽ കെട്ടിക്കിടന്ന് ദ്രവിച്ചുകൊണ്ടിരിക്കുന്ന ദശലക്ഷക്കണക്കിന് ടൺ ഭക്ഷ്യധാന്യങ്ങൾ ലേലത്തിൽ വിൽക്കുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നതായിട്ട് അറിയാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അമ്പതിനായിരം ടൺ ഗോതമ്പ് വിൽക്കാൻ ശ്രമിക്കുന്നു. നിരവധി രാഷ്ട്രീയ പാർട്ടികളും അല്ലാത്ത സംഘടനകളുമൊക്കെ, ഇത് ഇങ്ങനെ ലേലത്തിൽ കച്ചവടക്കാർക്ക് കൊടുത്ത് അവർക്ക് കമ്പോളത്തിൽ ലാഭമുണ്ടാക്കുന്നതിന് അവസരം കൊടുക്കുന്നതിനു പകരം വില കുറച്ച് റേഷൻ കടകൾ വഴി വിതരണം ചെയ്യണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്.

ശ്രീ. വർഗ്ഗീസ് വൈദ്യർ : ദശലക്ഷക്കണക്കിന് രൂപയുടെ ഭക്ഷ്യധാന്യങ്ങൾ കെട്ടിക്കിടന്ന് നശിച്ചു പോകുന്നു. അത് എം.പി.മാരുടേയോ കേന്ദ്ര മന്ത്രിമാരുടേയോ സ്വത്തല്ല. ജനങ്ങളുടെ നികുതി കാശാണ്. അതുകൊണ്ട് പൊതുജനങ്ങളെ സംഘടിപ്പിച്ച് പ്രതിപക്ഷവും ഭരണകക്ഷിയും കൂടി കേരളത്തിൽ വലിയൊരു സമരത്തിന് തയ്യാറാകാൻ മന്ത്രി നേതൃത്വം കൊടുക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, അദ്ദേഹം വന്നില്ലെന്നേയുള്ളു. ആദ്യമായിട്ട് പ്രതിപക്ഷനേതാക്കന്മാരും മുഖ്യമന്ത്രിയും ഉൾപ്പെടെ പോയി പാർലമെന്റിന്റെ വാതിക്കൽ കുത്തിയിരുന്ന് സമരം നടത്തി. നിവേദനവും കൊടുത്തു. കൊടുത്ത ഉടനേ അനുഭാവം പറഞ്ഞുവെങ്കിലും കാര്യമൊന്നും നടക്കുന്നില്ല. എന്തായാലും ഇതൊരു പോളിസി ഡിസിഷനാണ്. ഗവൺമെന്റ് ഓഫ് ഇൻഡ്യ അല്ലെങ്കിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ- ഇന്ന് ഞാൻ പത്രത്തിൽ വായിച്ചത് ശരിയാണെങ്കിൽ - 45 വയസ്സായവരെ മുഴുവൻ പിരിച്ചുവിടുന്നു; ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ ക്ലോസ് ഡൗൺ ചെയ്യുകയാണ്. ഗവൺമെന്റ് ഓഫ് ഇൻഡ്യ ഭക്ഷ്യരംഗത്തു നിന്ന് പിന്മാറുകയാണ്. അവരുടെ ഹിഡൺ അജണ്ട എന്ന് പറയുന്നത് ഇൻഡ്യാ ഗവൺമെന്റ് ഭക്ഷ്യധാന്യ വ്യാപാരം സ്വാതന്ത്ര്യത്തിനു മുമ്പുള്ളതുപോലെ മൊത്ത വ്യാപാരികൾക്ക് കൊടുക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ.എ.കെ.ആന്റണി : സബ്സിഡിയായി റേഷൻ അരിയും ഗോതമ്പും നൽകുന്നതിനെക്കുറിച്ചാണ് നാം പ്രധാനമായി ചർച്ച ചെയ്യുന്നത്. എന്നാൽ, റേഷൻ അരിയുടേയും ഗോതമ്പിന്റേയും വില വർദ്ധിപ്പിച്ചതിന്റെ ഫലമായി വില വർദ്ധനവുണ്ടായിരിക്കുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് സംസ്ഥാന ഗവൺമെന്റ് 2 രൂപ സബ്സിഡി നൽകുന്നുണ്ട്. സബ്സിഡിയായി അരി നൽകിയാലും, എത്ര കുറഞ്ഞവിലയ്ക്ക് റേഷൻ അരിയും ഗോതമ്പും നൽകിയാലും അത് വാങ്ങാൻ നിവൃത്തിയില്ലാത്ത പതിനായിരക്കണക്കിന് ആളുകൾ കേരളത്തിലുണ്ടെന്ന് സമീപദിവസങ്ങളിൽ വ്യക്തമായിരിക്കുകയാണ്. രണ്ട് പട്ടിണിമരണങ്ങൾ കഴിഞ്ഞ ഒരാഴ്ചയ്ക്കുള്ളിൽ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്നു. ഇന്ന് ഒരു പട്ടിണി മരണം കൂടിയായപ്പോൾ മൂന്ന് പട്ടിണിമരണമായി. ഇത് വളരെ ലാഘവബുദ്ധിയോടു കൂടി കാണേണ്ട കാര്യമല്ല. കഴിഞ്ഞ ഏതാനും ദിവസത്തിനകം ഈ സംസ്ഥാനത്ത് മൂന്ന് പട്ടിണിമരണങ്ങളുണ്ടായിരിക്കുന്നു. ഈ പട്ടിണിമരണങ്ങൾ ഉണ്ടായ ദുരന്തത്തിന്റെ അന്തരീക്ഷത്തിലാണ് ഈ സഭ ഇവിടെ കൂടുന്നത്. നമ്മൾ നമ്മുടെ കഴിവു കൊണ്ട് ഇവിടെ ഒരുപാട് മാമാങ്കങ്ങളും മേളകളും നടത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ഇനിയും പട്ടിണിമരണങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ടി റേഷൻ ആകട്ടെ, അല്ലാത്തതാകട്ടെ, ഭക്ഷ്യ സാധനങ്ങൾ വിലയ്ക്കു വാങ്ങാൻ നിവൃത്തിയില്ലാത്തതുമൂലം ഇനിയും പട്ടിണി കിടന്ന് കേരളത്തിൽ ആരും മരിക്കാതിരിക്കാൻ - കഷ്ടപ്പെടുന്നവർക്ക് സൗജന്യ റേഷനോ മറ്റോ നൽകി ഈ സംസ്ഥാനത്തെ പട്ടിണിമരണം ഒഴിവാക്കാൻ ഗവൺമെന്റ് പ്രത്യേകം ശ്രദ്ധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, സൗജന്യ റേഷൻ അർഹിക്കുന്ന ഒരു സിറ്റുവേഷൻ ഉണ്ടെങ്കിൽ തീർച്ചയായും പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ സൗജന്യ റേഷൻ കൊടുക്കണം. കടലോരപ്രദേശങ്ങളിൽ സൗജന്യ റേഷൻ കൊടുക്കുന്നുണ്ട്. പക്ഷേ, ചില പ്രദേശങ്ങളുടെ കാര്യം ചിലപ്പോൾ ശ്രദ്ധയിൽപ്പെടുന്നില്ല. അത് മനസ്സിലാക്കേണ്ടത് മൗലികമായ ഒരു പ്രശ്നമുണ്ട്. അത് എന്താണെന്നു വച്ചാൽ പുതിയ സാമ്പത്തികനയത്തിന്റെ..... (ബഹളം)..... ചോദ്യത്തിന്റെ ഉത്തരം പറഞ്ഞാൽ അത് കേൾക്കാനുള്ള ക്ഷമയില്ല. എന്തിനാ അവർ വികാര പ്രകടനം നടത്തുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ റേഷന്റെ പ്രശ്നമാണ് വന്നത്. അതിനിടയ്ക്ക് പ്രതിപക്ഷനേതാവ് ചോദിച്ച ഒരു ചോദ്യം റേഷൻ പോലും വാങ്ങാൻ കഴിവില്ലാത്തവർക്ക് വല്ല സഹായവും ചെയ്യാൻ സാധിക്കുമോ, സൗജന്യ റേഷൻ കൊടുക്കാമോയെന്നാണ്? സൗജന്യ റേഷൻ കൊടുക്കുന്നതിന് ഇന്ന് ചില പദ്ധതികളുണ്ട്. അത് വിപുലപ്പെടുത്തണമെങ്കിൽ വിപുലപ്പെടുത്താം. ഞാൻ പറഞ്ഞത് അതല്ല. റേഷൻ ഇപ്പോൾ ക്രൈസിസിൽ ആയത് എന്താണെന്നുവച്ചാൽ, നമ്മുടെ നാട്ടിലെ ആളുകളുടെ ക്രയശക്തിക്ക് അനുസരിച്ച് റേഷൻ വിതരണം ചെയ്യണം. അതുകൊണ്ട് സബ്സിഡി വേണ്ടെന്നുള്ള നയം ഇപ്പോൾ മാറ്റപ്പെടുന്നു. അതാണ് കുഴപ്പം. ഞാൻ അതിനോട് വളരെയധികം യോജിക്കുന്നു. ഒന്നും വാങ്ങാൻ കഴിവില്ലാത്തവരുണ്ടെങ്കിൽ അവർക്ക് സൗജന്യ റേഷൻ കൊടുക്കണം. സൗജന്യ റേഷൻ കൊടുക്കുന്നതിന് ഇന്ന് ചില നിയമങ്ങളുണ്ട്. അത് മാറ്റണമെന്നുണ്ടെങ്കിൽ മാറ്റണം. ഇവിടത്തെ പ്രശ്നം ഇൻഡ്യയൊട്ടുക്ക് ഇപ്പോൾ കൂടുതൽ പ്രയാസങ്ങൾ ഉണ്ടാകാൻ പോകുന്നു. സാധാരണക്കാരന്റെ

വാങ്ങാനുള്ള കഴിവ് അനുസരിച്ച് ഭക്ഷ്യധാന്യങ്ങൾ എത്തിക്കുകയെന്നുണ്ടായിരുന്ന ഭക്ഷ്യധാന്യ നയം ഇന്ന് ആകെ മാറ്റിയിരിക്കുന്നു. അത് പറയുന്നത് കേട്ട് ബഹളമുണ്ടാക്കിയാൽ പറ്റുമോ?

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ : പ്രാപ്യമായ വിലയ്ക്ക് ഭക്ഷ്യധാന്യങ്ങൾ ലഭിച്ചിരുന്ന ഇൻഡ്യയിലെ ഏറ്റവും പ്രധാന്യപ്പെട്ട ഒരു സംസ്ഥാനമായിരിന്നു കേരളം. റേഷൻ സംവിധാനത്തിന്റെ ഭാഗമായിട്ട് കോൺഗ്രസ്സും ബി.ജെ.പി.യും അംഗീകരിച്ച സാമ്പത്തിക നയത്തിന്റെ ഫലമായി സബ്സിഡി എടുത്തുകളയാൻ പാടില്ലെന്ന കേരളത്തിലെ മുഴുവൻ ജനങ്ങളുടേയും താല്പര്യം അടിസ്ഥാനപ്പെടുത്തി പ്രക്ഷോഭത്തിലേയ്ക്കും സമരത്തിലേക്കും പോകുമ്പോൾ അതിന് കടകവിരുദ്ധമായ നിലപാട് സ്വികരിച്ച പാർട്ടികളാണ് കോൺഗ്രസ്സും ബി.ജെ.പി.യും. കോൺഗ്രസ്സും, ബി.ജെ.പി.യും തുടർന്നുവന്ന സാമ്പത്തികനയത്തിന്റെ ഫലമായി, പ്രാപ്യമായ വിലയ്ക്ക് കിട്ടിയിരുന്ന ഭക്ഷ്യധാന്യം കിട്ടാതിരിക്കുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ അതിനെതിരായ നിലപാടിൽ കോൺഗ്രസ്സ് ഉൾപ്പെടെ ചേർന്നുകൊണ്ട് ബഹു:മന്ത്രി മുൻകൈ എടുത്ത് ശക്തമായ സമരവുമായി മുന്നോട്ടു പോകാൻ തയ്യാറുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കേരളത്തിലെ എല്ലാം പാർട്ടികളും, എന്തിന് ബി.ജെ.പി. വരെ ഇപ്പോൾ പറയുന്നത് റേഷനിംഗ് സമ്പ്രദായം തുടരണമെന്നാണ്. എന്നാൽ, സംസ്ഥാനതലത്തിൽ ഇതാണെങ്കിലും കേന്ദ്ര നയത്തിന്റെ കാര്യത്തിൽ പാർട്ടികൾ തമ്മിൽ വ്യത്യാസമുണ്ട്. കോൺഗ്രസ്സിന്റെ നേരത്തേയുണ്ടായിരുന്ന നയം ഇപ്പോൾ മാറ്റുന്നുവെന്ന് പറയുന്നുണ്ട്. മാറ്റുന്നതുവരെ ഇപ്പോൾ നിലനില്ക്കുന്ന നയം സബ്സിഡികൾക്കൊക്കെ എതിരാണ്. ബി.ജെ.പി.യുടേതും അതാണ്. എന്നാൽ, കേരളത്തിലെ കോൺഗ്രസ്സും ബിജെപിയും, എല്ലാവരും, സബ്സിഡിയോടു കൂടിയ ഭക്ഷ്യനയം തുടരണമെന്നുള്ള അഭിപ്രായക്കാരാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ .ആര്യാടൻ മുഹമ്മദ് : കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ ഫലമായി സബ്സിഡി കുറച്ചു. എന്നാൽ കോൺഗ്രസ്സിന്റെ സാമ്പത്തിക നയം 1991-ൽ നടപ്പിലാക്കിയപ്പോൾ ഏതെങ്കിലും ഒരു വർഷം പോലും സബ്സിഡി കുറച്ചില്ലെന്നു മാത്രമല്ല, ഓരോ വർഷവും വർദ്ധിപ്പിക്കുകയാണ് 1996 വരെ ചെയ്തത്. കേന്ദ്ര ഗവൺമെന്റ് 1100 കോടി രൂപയുടെ സബ്സിഡി കുറച്ചു. കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തിനെതിരായി കർണ്ണാടക ഗവൺമെന്റും തമിഴ്നാട് ഗവൺമെന്റും ആ സബ്സിഡി തങ്ങളുടെ എക്സ്ചെക്കറിൽ നിന്ന് നൽകുമെന്ന് പ്രഖ്യാപിക്കുകയും അത് നൽകുകയും ചെയ്യുന്നു. അതേയവസരത്തിൽ ബി.ജെ.പി. ഗവൺമെന്റിന്റെ സാമ്പത്തിക നയത്തെ എതിർക്കുന്ന ഈ ഇടതുപക്ഷ ഗവൺമെന്റ് ആ സബ്സിഡി ഇവിടെ നൽകാൻ തയ്യാറാകാത്ത സ്ഥിതിക്ക് ബി.ജെ.പി.യുടെ സാമ്പത്തിക നയത്തെ പിന്താങ്ങുന്ന സാമ്പത്തിക നയം ഈ സർക്കാരല്ലേ അവലംബിക്കുന്നത്? എന്തുകൊണ്ട് തമിഴ്നാട് ഗവൺമെന്റ് ചെയ്തതുപോലെ ചെയ്യാൻ ഈ സർക്കാരിന് സാധിക്കുന്നില്ല? കർണ്ണാടക ചെയ്തതുപോലെ ഈ വിലവർദ്ധനവ് ജനങ്ങളെ ഏല്പിക്കാതെ സർക്കാരിന് സഹിക്കാൻ എന്തുകൊണ്ട് സാധിക്കുന്നില്ല? ബി.ജെ.പി.യും

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗവൺമെന്റും ഒരേനയം അവലംബിക്കുന്നു. അതുകൊണ്ട് വർദ്ധിപ്പിച്ച വില മുഴുവൻ സബ്സിഡിയായി കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? തമിഴ്നാടിനേയും കർണ്ണാടകയേയും അംഗീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : എന്തായാലും ബഹു.ആര്യാടൻ മുഹമ്മദിന് ഇപ്പോൾ ഈ ബോധോദയമുണ്ടായത് നന്നായി. കാരണം, അങ്ങ് മന്ത്രിയായിരുന്ന മന്ത്രിസഭ കേന്ദ്രം അരിയുടെ വില കൂട്ടിയപ്പോൾ സബ്സിഡി നടപ്പിലാക്കുമെന്ന് പറഞ്ഞ് പ്രസ്താവന ചെയ്ത് കുറച്ചു ദിവസം നടപ്പിലാക്കിയിട്ട് നിറുത്തലാക്കി. എന്നാൽ ഈ സംസ്ഥാന ഗവൺമെന്റ് ജനങ്ങളോട് പറഞ്ഞ വാക്ക് അതുപോലെ പാലിച്ച ഒരു ഗവൺമെന്റാണ്. കാരണം, അധികാരത്തിൽ വന്ന് അന്ന് തുടങ്ങിയ സബ്സിഡി ഇന്നും തുടരുന്നു. ഒരു ദിവസം പോലും മാറ്റിവച്ചിട്ടില്ല.

ശ്രീ. ആര്യാടൻ മുഹമ്മദ് : തമിഴ്നാട് 1000 കോടി രൂപ സബ്സിഡി കൊടുക്കുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, തമിഴ്നാട് മുമ്പും ഉണ്ടായിരുന്നു. ആ തമിഴ്നാട്ടിൽ 1000 കോടി രൂപ ശ്രീ.ആര്യാടൻ മുഹമ്മദ് മന്ത്രിയായിരുന്നപ്പോഴും കൊടുത്തുകൊണ്ടിരുന്നു. എന്നാൽ അദ്ദേഹം രണ്ടുമാസം കൊടുത്തിട്ട് നിറുത്തി. ഞങ്ങൾ അതല്ല, കൊടുത്തത് ഇപ്പോഴും കൊടുത്തുകൊണ്ടിരിക്കുന്നു. ഇനിയും കൊടുക്കും. അദ്ദേഹം ഇനി ഒരിക്കലും ഭരണാധികാരിയേ ആകാൻ പോകുന്നില്ലെന്നുള്ള രീതിയിൽ പ്രസംഗിക്കരുത്. ഒരു സംസ്ഥാന ഗവൺമെന്റിന്റെ ബഡ്ജറ്ററി കൺസെട്രയിന്റ് സിനകത്തു നിന്നു കൊണ്ട് ഇതുവരെ, ഞങ്ങൾ പറഞ്ഞ രീതിയിൽ, ആദ്യം എത്ര സബ്സിഡി കൊടുക്കുമെന്ന് പറഞ്ഞുവോ, അത്, തുടർന്നും കൊടുത്തുകൊണ്ടിരിക്കുന്നു. ഇപ്പോഴാണെങ്കിൽ ഒരു എക്സ്പെരിമെന്റ് എന്നുള്ള നിലയിൽ ഓഫ്ടേക്ക് കൂട്ടുന്നതിനു വേണ്ടി രണ്ടു രൂപ സബ്സിഡി കൊടുക്കുന്നു. പിന്നെ, 25 ശതമാനത്തിനുപകരം 17 ശതമാനം പേർക്കുകൂടി സബ്സിഡി കൊടുക്കുന്നു. മുഴുവൻ പേർക്കും സബ്സിഡി കൊടുത്താൽ കൊള്ളാമെന്നുണ്ട്. ശ്രീ.ആര്യാടൻ മുഹമ്മദിനെപ്പോലുള്ള കോൺഗ്രസ്സ് നേതാക്കൻമാർ ഇതു പറയുന്നത് അപകടമാണ്. കേന്ദ്ര ഗവൺമെന്റിന്റെ ജോലി റേഷൻ എടുത്തുകളയുക, സബ്സിഡി ഇല്ലാതാക്കുക, സംസ്ഥാന ഗവൺമെന്റുകളുടെ ജോലി സബ്സിഡി കൊടുക്കുക എന്ന രീതിയിൽ ഒരു നയം കൊണ്ടുപോകുന്നത് വളരെ അപകടം പിടിച്ചതാണ്.

ശ്രീ. കെ. പ്രകാശ് ബാബു : 1,45,000 ടൺ അരി റേഷൻ വിഹിതമായി കേന്ദ്രവൺമെന്റ് നമുക്ക് നൽകുന്നുണ്ടെന്നും അതിൽ 33,700 ടൺ അരി മാത്രമേ സബ്സിഡിയോടുകൂടി വിതരണം ചെയ്യുന്നുള്ളുവെന്നും ബഹു.മന്ത്രി ഇവിടെ ഉത്തരത്തിൽ സൂചിപ്പിച്ചു. അങ്ങനെയാണെങ്കിൽ കേരളത്തിൽ ഇന്ന് വിതരണം ചെയ്യുന്ന റേഷനരിയുടെ സബ്സിഡിയുടെ പേരിൽ സംസ്ഥാന ഗവൺമെന്റിന് ആകെ എത്ര കോടി രൂപയുടെ ബാദ്ധ്യതയുണ്ട്. അതുപോലെതന്നെ ഇപ്പോൾ കേന്ദ്രം എഫ്.സി.ഐ.യിൽ ശേഖരിച്ചിട്ടുള്ള അരിയിൽ നിന്നും 50,00,000 ടണ്ണിലധികം അരി പൊതുമാർക്കറ്റിൽ ലേലം ചെയ്തു കൊടുക്കുന്നതിനുവേണ്ടി തീരുമാനിച്ചിട്ടുള്ളതായിട്ട് വാർത്തകളിൽകൂടി അറിയാൻ കഴിഞ്ഞു. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രഗവൺമെന്റു തന്നെ 50 ലക്ഷം ടൺ അരി ലേലം ചെയ്തു കൊടുക്കാൻ തീരുമാനിച്ചപ്പോൾ ആ ലേലം ചെയ്തു കൊടുക്കാൻ തീരുമാനിച്ച അരിയെങ്കിലും കുറഞ്ഞ വിലയ്ക്ക് സംസ്ഥാനങ്ങൾക്ക് കൊടുത്തിരുന്നുവെങ്കിൽ എല്ലാ സംസ്ഥാനങ്ങൾക്കും കുറച്ച് ആശ്വാസമാകുമായിരുന്നു. ആ ലേലം ചെയ്യാനുള്ള തീരുമാനം 1992 മുതൽ ഇൻഡ്യയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടുള്ളതാണോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇത് വളരെ വ്യക്തമാണ്. എഫ്.സി.ഐ എന്നു പറയുന്നത് ഇല്ലാതാക്കാനുള്ള ശ്രമമാണ് നടക്കുന്നത്. ഈ 50 ലക്ഷം ടൺ ഓക്ഷൻ ചെയ്തു കഴിഞ്ഞാൽ എന്തായാലും അവർക്ക് ഇക്കണോമിക് കോസ്റ്റ് കിട്ടുകയില്ല. കുറഞ്ഞ വിലയ്ക്കാണ് വിൽക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞത് അതാണ്. ഞങ്ങൾക്കൊക്കെ ഇത് റേഷൻ കടകളിൽക്കൂടി വിതരണം ചെയ്യാൻ തരാമെന്ന് പറഞ്ഞിട്ടുള്ളതാണ്. അത് തരികയില്ല. യഥാർത്ഥത്തിൽ ഗവൺമെന്റ് ഓഫ് ഇൻഡ്യാ ഈ നയം തുടരുകയാണെങ്കിൽ അവരുടെ ഫിസ്ക്കൽ ഡെഫിസിറ്റ് വളരെ കൂടും. അത് ഞങ്ങളെല്ലാവരും കൂടെ പറഞ്ഞതാണ്, 20,000 കോടി രൂപയെങ്കിലും കുഴപ്പത്തിലാകും. അപ്പോൾ അത് എഫ്.സി.ഐ. നിറുത്താൻ ഒരു ജസ്റ്റിഫിക്കേഷനാകും.

ശ്രീ.പി.പി.തങ്കച്ചൻ : കേന്ദ്രത്തിൽ പ്രധാനമന്ത്രിയെ കണ്ട് അഖിലകക്ഷി നിവേദക സംഘം നിവേദനം കൊടുത്തു. അവിടെ ധർണ്ണ ഇരുന്നുവെന്ന് ബഹു: മന്ത്രി പറഞ്ഞു. എന്നിട്ടിപ്പോൾ ഏതാണ്ട് മൂന്നു മാസമായി. ഇപ്പോഴത്തെ സ്ഥിതിയെന്താണ് ? അന്ന് പരിഗണിക്കാമെന്ന് പറഞ്ഞത് നിഷേധിച്ചോ; പിന്നീട് ഫോളോ അപ്പ് ആക്ഷൻ നടന്നോ? അതിനുശേഷം മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും പലവട്ടം ഡൽഹിയിൽ പോയല്ലോ എന്തെങ്കിലും ഫോളോ അപ്പ് ആക്ഷൻ ഉണ്ടായിട്ടുണ്ടോ? ഫൈനലായിട്ട് നിഷേധിച്ചോ അതോ പരിഗണിച്ചോ? അതോ പിന്നെ ഒന്നും ചെയ്തില്ലേ? എന്താണ് സ്ഥിതി?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കേന്ദ്ര ഭക്ഷ്യമന്ത്രിയെ ഞാൻ പിന്നെ കണ്ടു. അത് കൂടാതെ നമ്മുടെ എം.പി.മാർ ഇത് പാർലമെന്റിൽ അജിറ്റേറ്റ് ചെയ്തു. അവർക്ക് ഇതിന്റെ മുഴുവൻ ഡീറ്റെയിൽസിന്റെയും ബ്രീഫിംഗ് കൊടുത്തു. അവരും നല്ലവണ്ണം സംസാരിക്കുന്നുണ്ട്. പക്ഷേ, സെൻട്രൽ ഗവൺമെന്റ് ഇതിൽ ഒരു പോളിസി എടുത്തുകഴിഞ്ഞു. അവരിപ്പോൾ ഇതിൽ ഒന്നും പറയുന്നില്ല. അവർക്ക് തോന്നിയതുപോലെ ചെയ്തുകൊണ്ടിരിക്കുന്നു.

ശ്രീ. ആനത്തലവട്ടം ആനന്ദൻ : കേരളത്തിൽ മൂന്ന് ആളുകൾ മരിച്ചത് പട്ടിണികൊണ്ടാണെന്ന് പത്രങ്ങളിൽ വന്ന റിപ്പോർട്ടിനെ ബേസ് ചെയ്തിട്ടാണ് ഇവിടെ ബഹു.പ്രതിപക്ഷ നേതാവ് ചോദ്യം ഉന്നയിച്ചത്. എങ്ങനെയാണെന്നുള്ളത് മരിച്ച വീട്ടിൽപോയി അനേഷിക്കണം. ആന്ധ്രപ്രദേശിൽ 160 ആളുകളാണ് പട്ടിണികൊണ്ട് മരിച്ചത്. നിങ്ങൾ തുടങ്ങിയതും ഇപ്പോൾ ബി.ജെ.പി. തുടരുന്നതുമായ നയമാണ് തുടരുന്നതെങ്കിൽ പട്ടിണിമരണങ്ങളുടെ സംഖ്യ പെരുകും. ഇവിടെ വേലയുണ്ട്, വേല ചെയ്താൽ കൂലിയുണ്ട്, വേലയും കൂലിയുമില്ലാതെ നൂറുക്കണക്കിന് ആളുകൾ മരിച്ചു വീഴുന്ന മറ്റു സംസ്ഥാനങ്ങളുടെ കാര്യം

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങളുടെ ശ്രദ്ധയിൽപ്പെടുന്നില്ല. സൂപ്പർ ചീഫ് മിനിസ്റ്റർ ഭരിക്കുന്ന ആന്ധ്രയിലാണ് 160 ആളുകൾ പട്ടിണികൊണ്ട് മരിച്ചതായി പത്രങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് നിങ്ങൾ തുടങ്ങി വച്ച നയത്തിന്റെ പ്രതിഫലനമാണെന്ന് നിങ്ങൾ മനസ്സിലാക്കുന്നില്ല. അതുകൊണ്ട്, സംസ്ഥാനത്ത് എവിടെയെങ്കിലും മരണം നടന്നാൽ അത് പട്ടിണി മരണമാണെന്ന് വരുത്തിത്തീർത്ത് പ്രക്ഷോഭണം ഉയർത്തി സംസ്ഥാനത്തിന് അപമാനം വരുത്തുന്നതിനാണ് പ്രതിപക്ഷം ശ്രമിക്കുന്നത് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?....ബഹളം.....

ശ്രീ.എ.കെ.ആന്റണി : സർ, ഇത് വളരെ കഷ്ടമായിപ്പോയി. അദ്ദേഹം അത് പിൻവലിക്കാൻ തയ്യാറാകണം ..... (ബഹളം).....

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : മറ്റു സംസ്ഥാനങ്ങളിൽ എന്ത് നടക്കുന്നുവെന്നുള്ളത് നമ്മൾ അന്വേഷിക്കേണ്ടതില്ല. വ്യാപകമായിട്ട് കേരളത്തിൽ ഇങ്ങനെയൊരു സിറ്റ്യുവേഷൻ ഉണ്ടാകേണ്ട കാര്യമില്ല. ഏതായാലും എവിടെയെങ്കിലും അങ്ങനെ സംഭവിക്കുന്നുണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ അപഗ്രഥിച്ച് അതിന് പരിഹാരം കാണുക എന്നുള്ളതല്ലാതെ വ്യാപകമായിട്ട് കേരളത്തിൽ പട്ടിണിമരണം നടക്കുന്നുവെന്ന് പറയുന്നത് ശരിയല്ല.

മി.സ്പീക്കർ : ഇനി അടുത്തതിലേയ്ക്ക് കടക്കാം. വളരെ പ്രധാനപ്പെട്ട വിഷയമായതുകൊണ്ട് അനുവദിച്ചു. എന്നാൽ അത് ചോദ്യോത്തരമായിട്ടല്ല, പ്രസംഗമായി മാറിയിരിക്കുന്നു.

ശ്രീ. കെ. എം. മാണി : 1,50,000 ടൺ അരി ആവശ്യമായിരിക്കെ 1,45,000 ടൺ ആണ് കേന്ദ്രം അനുവദിച്ചതെന്നു പറഞ്ഞു. ഈ മാർച്ച് മാസം 6-ാം തീയതി, നിയമസഭയിൽ നൽകിയ 1601-ാം നമ്പർ അൺസ്റ്റാർഡ് ചോദ്യത്തിന് ഉത്തരമായിട്ട് പറഞ്ഞത്, കേന്ദ്രം അനുവദിച്ചതിൽ നിന്ന് 1998-ൽ 1,29,196 ടൺ ലാപ്സായി, കേരളം വാങ്ങിയില്ല, 1999-ൽ അനുവദിച്ചതിൽ 3,91,232 ടൺ ലാപ്സായി, നമ്മൾ വാങ്ങിയില്ല എന്നാണ്. ഇതാണോ ഗവൺമെന്റിന്റെ നയം? ഈ കൊല്ലം എത്ര അനുവദിച്ചു, എത്ര വാങ്ങിയില്ല, ഇതിനുള്ള കാരണങ്ങൾ എന്താണ്? കേന്ദ്രം അനുവദിക്കുന്നത് വാങ്ങാതിരിക്കുന്നതിന്റെയും ചെലവാകാതിരിക്കുന്നതിന്റെയും കാരണമെന്താണെന്ന് ബഹു.മന്ത്രി വിശദീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കഴിഞ്ഞ രണ്ട് വർഷങ്ങളിലാണ് ഏറ്റവും കുറച്ച് ലാപ്സായത്. ബഹുമെമ്പർ ഭരിച്ചുകൊണ്ടിരിക്കുമ്പോൾ ഒരുപാട് ലാപ്സായിട്ടുണ്ട്. ഈ വർഷം കൂടുതൽ ലാപ്സാകും. ഈ വർഷം 1,45,000 ടൺ ചെലവാവുകയില്ല. 50,000 ടണ്ണാണ് ഇപ്പോൾ ചെലവാകുന്നത്. അപ്പോൾ ലാപ്സാകും. സാധനത്തിന്റെ വിലയെയും ക്വാളിറ്റിയെയും ആശ്രയിച്ചാണ് ലാപ്സാകുന്നത്. കേന്ദ്രഗവൺമെന്റ് നല്ല ക്വാളിറ്റിയുള്ള സാധനം വില കുറച്ചു തന്നാൽ ധാരാളം ചെലവാകും. അതല്ല, ഇപ്പോഴത്തെ വിലയ്ക്കാണ് എന്നുണ്ടെങ്കിൽ ഈ വർഷം കൂടുതൽ ലാപ്സാകും.

ശ്രീ. പി. രാജു : റേഷൻ സാധങ്ങളുടെ വില വർദ്ധിക്കുന്നതിന്റെ ഫലമായി ജനങ്ങൾക്ക് വാങ്ങാനുള്ള ശേഷി നഷ്ടപ്പെടുമെന്ന് ബോദ്ധ്യമുണ്ടായിരിക്കുന്ന സാഹചര്യത്തിൽ പോലും കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രഗവൺമെന്റാണ് റേഷൻ സബ്സിഡി വെട്ടിച്ചുരുക്കാനും രണ്ടു തരം റേഷൻ കാർഡുകൾ ഉണ്ടാക്കാനുമുള്ള നടപടി സ്വീകരിച്ചത്. ഈ ബോദ്ധ്യം നിലനിൽക്കുമ്പോഴാണ് നമ്മുടെ സംസ്ഥാനത്ത് റേഷനരിയുടെ വില വർദ്ധിക്കുന്നതിനു അനുകൂലമായ നിലപാട് കേന്ദ്രത്തിൽ വ്യത്യസ്തമായ രാഷ്ട്രീയപാർട്ടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പാർലമെന്റിൽ പ്രതിപക്ഷ പാർട്ടിയുടെ നേതാവുപോലും ഇപ്പോഴും റേഷനരിയുടെ വിലവർദ്ധവിനെതിരെ ശക്തമായി പ്രതികരിക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഈ രാജ്യത്ത് വില വർദ്ധനവ് തടയുന്നതിനാവശ്യമായ നടപടികൾ സംസ്ഥാന ഗവൺമെന്റ് മാത്രമായി സ്വീകരിക്കുകയെന്ന് പറയുന്നത് രാഷ്ട്രീയവിവേചനം കൊണ്ടല്ലേയെന്ന് ചോദിക്കാനാഗ്രഹിക്കുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : കോൺഗ്രസ്സ് ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രഗവൺമെന്റ് 1993-ൽ അരിയുടെയും ഗോതമ്പിന്റെയും വില കൂട്ടി, സബ്സിഡി കുറച്ചു, 1994-ൽ വീണ്ടും സബ്സിഡി കുറച്ചു, വില കൂട്ടി. ഫിഗേഴ്സ് എന്റെ കൈവശമുണ്ട്. കേന്ദ്രത്തിൽ കോൺഗ്രസ്സ് ഭരിച്ചിരുന്നപ്പോൾ റേഷനരിയുടെയും ഗോതമ്പിന്റെയും വില കൂട്ടിയിട്ടുണ്ട്.

ശ്രീ.എ.കെ.ആന്റണി : സർ, 1996 വരെയുള്ള കേന്ദ്ര ഗവൺമെന്റുകൾ, കോൺഗ്രസ്സ് ഗവൺമെന്റുകൾ ഇറങ്ങി പോകുന്നതുവരെ എല്ലാവർഷവും ഭക്ഷ്യ സബ്സിഡി തുക വർദ്ധിപ്പിച്ചു കൊണ്ടിരുന്നു. അങ്ങ് തർക്കിക്കുകയാണെങ്കിൽ അതിന് ഞാൻ മന്ത്രിയെ വെല്ലുവിളിക്കാൻ തയ്യാറാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ബഹു: പ്രതിപക്ഷനേതാവ് എന്താണ് പറയുന്നത്! ഇതിനു മറുപടി പറയാതെ ഒക്കുകയില്ല. ഒരു വാചകക്കസർത്താണിത്. അദ്ദേഹം പറയുന്നത് എന്താണ്? ട്ടോട്ടൽ സബ്സിഡി എമൗണ്ടിന്റെ കാണ്ടം കുറച്ചില്ല എന്നാണ്. നിങ്ങൾ ചോദിക്കുന്നതിനു ഉത്തരം പറയാതെ ഒക്കുകയില്ലല്ലോ. ഇവിടെ ചോദ്യം അതല്ല. നാട്ടുകാരൻ അരി വാങ്ങുന്നതിനു സബ്സിഡി കുറച്ചോ കൂട്ടിയോ? ഇല്ല (തടസ്സം) ഇല്ല, കൂട്ടിയില്ല. നാട്ടുകാർക്കാണ് സബ്സിഡി. അരി വാങ്ങുന്നവർക്കാണ് സബ്സിഡി.കോൺഗ്രസ്സ് ഗവൺമെന്റ് കേന്ദ്രം ഭരിച്ചു കൊണ്ടിരുന്നപ്പോൾ കേരളത്തിൽ വിതരണം ചെയ്യുന്ന റേഷൻ അരിക്കും ഗോതമ്പിനും മൂന്നു തവണ വില കൂട്ടി. ആ വില കൂട്ടിയപ്പോൾ സബ്സിഡി കുറഞ്ഞു. അതാണ്. (തടസ്സം)ഇല്ല, വില ഏകീകരിച്ചതേയുള്ളു. അതാണ് വ്യത്യാസം. ദേവഗൗഡ ഗവൺമെന്റിന്റെ കാലത്ത് 6.50 രൂപയായിരുന്നത് ഏകീകരിച്ച് 7.50 രൂപയാക്കി കൂട്ടുകയും സബ്സിഡി കുറയ്ക്കുകയും ചെയ്തു. ടോട്ടൽ കാണ്ടിറ്റി ഓഫ് സബ്സിഡി കുറച്ചു കാണില്ലായിരിക്കാം. പക്ഷേ നാട്ടുകാർക്ക് കിട്ടുന്ന അരിയുടെ വില കൂടി.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി : സർ, അന്ന് പ്രധാനമന്ത്രിക്ക് നിവേദനം നടത്തിയപ്പോൾ വളരെ ശക്തമായ ഒരു കേസ് നമ്മൾ അവതരിപ്പിച്ചതാണ്. വളരെ ശക്തമായ കേസ് എന്നുപറഞ്ഞാൽ, സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായമുള്ള ഏക സ്റ്റേറ്റ് കേരളമാണ്, നിങ്ങളുടെ അരിയും ഗോതമ്പും ഗോഡൗണിൽ കെട്ടിക്കിടന്ന് ചീഞ്ഞുനാറിപ്പോകും, അതുകൊണ്ട് ഞങ്ങൾ ഇതു വിതരണം

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തുകൊള്ളമെന്ന് വളരെ ശക്തിയായി ഈ കേസ് പ്രത്യേകമായി എടുക്കണമെന്ന് അവതരിപ്പിച്ചതാണ്. അതു സംബന്ധിച്ച് ഡിപ്പാർട്ടുമെന്റുതലത്തിൽ ചർച്ച നടത്താം സെക്രട്ടറിയെകൊണ്ട് നോക്കാമെന്നുള്ള തരത്തിലാണ് പ്രധാന മന്ത്രി ഉറപ്പു നൽകിയത്. അതു സംബന്ധിച്ച് വല്ല ഫോളോ അപ്പും നടന്നോ? പട്ടിണിമരണമൊക്കെ നടക്കുന്ന സാഹചര്യമാണ്. അരിയും ഗോതമ്പും ഗോഡൗണുകളിൽ കിടന്ന് ചീഞ്ഞു നാറുകയാണ്. സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായമുള്ള ഏക സ്റ്റേറ്റ് കേരളമാണ്. ഡിപ്പാർട്ടുമെന്റുതലത്തിൽ ഒരു ഫോളോ അപ്പ് ശരിയാം വണ്ണം നടത്താൻ പാടില്ലേ; അങ്ങനെ വല്ലതുമുണ്ടായോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, രണ്ടുതരത്തിൽ ഫോളോ അപ്പ് നടത്തി. ഞാൻ തന്നെ ഫുഡ് മിനിസ്റ്ററുമായും ഫുഡ് സെക്രട്ടറിയുമായും ബന്ധപ്പെട്ടു. അവർ ഡിസിഷൻ എടുത്തു കഴിഞ്ഞു. നമ്മൾ ഇപ്പോൾ ആവശ്യപ്പെടുന്നത് അൻപത് ലക്ഷം ടൺ അരി ഇങ്ങനെ ലേലം ചെയ്യാതെ പ്രൈസ് റെഡ്യൂസ് ചെയ്ത് വിതരണം ചെയ്യണമെന്നുള്ളതാണ്. നമ്മൾ മാത്രമല്ല മറ്റു പല സംസ്ഥാനങ്ങളും ആവശ്യപ്പെട്ടു.

ശ്രീ. എം. വി. ജയരാജൻ : സർ, റേഷൻ സാധനങ്ങൾ സംഭരിക്കാനുള്ള കേന്ദ്രമാണ് എഫ്.സി.ഐ. ഗോഡൗണുകൾ. ഇപ്പോൾ വന്നിട്ടുള്ള റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത് എഫ്.സി.ഐ. തന്നെ വിൽക്കാൻ പോകുന്നുവെന്നുള്ളതാണ്. അത്രയും ഗൗരവമായ സ്ഥിതിയിലേയ്ക്കാണ് പൊതുവിതരണം എത്തുന്നത്. ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കേരള ഗവൺമെന്റ് പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : ഇവിടത്തെ എഫ്.സി.ഐ ഗോഡൗൺ വിൽക്കാൻ പോകുന്നില്ല. യു.പി.യിലെ എഫ്.സി.ഐ. ഗോഡൗൺ വിൽക്കാനുള്ള പ്രൊപ്പോസൽ ആയിട്ടുണ്ടെന്നു പറയുന്നുണ്ട്. ഇന്ന് പേപ്പറിൽ കണ്ടത് സ്റ്റാഫിനെ കുറയ്ക്കാൻ വേണ്ടി നാല്പത്തഞ്ചു വയസ്സായ മുഴുവൻ ആളുകളേയും റിട്രെഞ്ചു ചെയ്യാൻ പോകുന്നുവെന്നാണ്. എഫ്.സി.ഐ. നഷ്ടത്തിലാകുമ്പോൾ എഫ്.സി.ഐ. ക്ലോസ് ഡൗൺ ചെയ്യാൻവേണ്ടിയുള്ള പോക്കാണ് എന്നുള്ളതു സൂചിപ്പിക്കാനാണ് ഞാൻ ഇതു പറയുന്നത്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, ബഹു:മന്ത്രി രണ്ടു കാര്യങ്ങൾ മറുപടിയായി പറഞ്ഞു. ഒന്ന്, ക്വാളിറ്റി കുറഞ്ഞ അരിയാണ്. അതുകൊണ്ട് ഓഫ്ടേക്ക് കുറഞ്ഞു. നല്ല ക്വാളിറ്റിയുള്ള അരി വേണമെന്ന് അങ്ങ് ആവശ്യപ്പെട്ടിട്ടുണ്ട്. രണ്ട്, അരിയുടെ സബ്സിഡി കുറഞ്ഞതുകൊണ്ട് നമ്മൾ എടുക്കുന്ന അരിയുടെ അളവ് കുറഞ്ഞു അതു കൊണ്ട് ഗോഡൗണുകൾ നിറഞ്ഞിരിക്കുന്നുവെന്നാണ്. എന്നും പഴുത്ത വെറ്റില തിന്നണമെന്നു നാട്ടിൻപുറത്ത് പറയുന്നതു പോലെ, മോശപ്പെട്ട അരിയാണ് എപ്പോഴും ഗോഡൗണിൽ നിന്നും പുറത്തു കൊടുക്കുന്നത്, പുതിയതായി വന്ന അരി അവിടെയിരിക്കും. അതു പിന്നെ മോശപ്പെടും. മഴക്കാലത്ത് കുറെ ദിവസം അരി ഗോഡൗണിൽ ഇരുന്നാൽ ചീത്തയാകും. അതു കൊണ്ട് ഇപ്പോഴുള്ള അരി മുഴുവൻ വിതരണം ചെയ്തു തീരുന്നതുവരെ, പുതിയ അരി കേരളത്തിലേക്ക് അയച്ച് അതും ചീത്തയാകുന്നു. അങ്ങനെ എന്നും ഈ

LIBRARY ARCHIVES Kerala Legislative Assembly

ചീത്തയായ അരി കേരളീയരുടെ ആഹാരമായിത്തീരുന്ന സ്ഥിതി ഒഴിവാക്കാൻ ഇപ്പോൾ ഗോഡൗൺ നിറഞ്ഞിരിക്കുന്ന സ്ഥിതിക്ക് ഇപ്പോഴുള്ള അരി വിതരണം ചെയ്തു തീരുന്നതുവരെ അരി ഇങ്ങോട്ട് കൊണ്ടുവരരുത് എന്നു പറഞ്ഞാൽ നാട്ടുകാർക്ക് പിന്നീടെങ്കിലും നല്ല അരി കിട്ടാനുള്ള സ്ഥിതിയുണ്ടാകും. അതിനെങ്കിലുമുള്ള വേദി ഒരുക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ശ്രീ.ബാലകൃഷ്ണപിള്ള പറഞ്ഞതിന്റെ സ്പിരിറ്റ് ഞാൻ മനസ്സിലാക്കുന്നു. എന്നാൽ അരിയുടെ മൂവ്മെന്റ് ഇങ്ങോട്ടു വരണ്ട എന്നുപറഞ്ഞുകഴിഞ്ഞാൽ പിന്നെ ഇങ്ങോട്ടു അരിയേ അയയ്ക്കാതിരിക്കാനുള്ള ഒരു ഡിസിഷൻ അവർ എടുക്കും. നമ്മൾ ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനം നമ്മുടെ ഉദ്യോഗസ്ഥന്മാർ അവിടെ ചെന്ന് ക്വാളിറ്റി ഡിറ്റർമിൻ ചെയ്യുന്ന അരി മാത്രം എടുത്താൽ മതിയെന്നാണ്. ഇപ്പോൾ അരിയുടെ ക്വാളിറ്റി ഇംപ്രൂവ് ചെയ്തിട്ടുണ്ട്. അതേ ക്വാളിറ്റിയുള്ള അരി ഓപ്പൺ മാർക്കറ്റിൽ ആ പ്രൈസിനു ഇപ്പോൾ അവൈലബിളാകുന്നുണ്ട്.

ശ്രീ. എ. കണാരൻ : സർ, കേന്ദ്ര ഗവൺമെന്റ് 1200 കോടി രൂപയുടെ ഭക്ഷ്യ സബ്സിഡി എടുത്തുകളഞ്ഞതിന്റെ ഫലമായി പൊതുവിതരണ സമ്പ്രദായം മുഴുവൻ തകരുകയാണ്. കിലോയ്ക്ക് രണ്ടു രൂപ സബ്സിഡി കൊടുത്തിട്ട് 12 രൂപ 40 പൈസക്ക് ഒരു കിലോ അരി കൊടുക്കുകയാണ്. പരസ്യമാർക്കറ്റിൽ പതിനൊന്നു രൂപയ്ക്കും പന്ത്രണ്ടു രൂപയ്ക്കും അരി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ അവസ്ഥ ഉണ്ടാക്കിതീർത്തതിനെക്കുറിച്ച് ജനങ്ങൾക്കറിയാം. ജനങ്ങൾ രോഷാകുലരാണ്. കോൺഗ്രസ്സ് പാർട്ടി എടുത്ത തെറ്റായ നിലപാടുകൊണ്ടാണ് ബി.ജെ.പി. ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിലേറിയത്. അതിനു വളരെ ശക്തിയായ പ്രതിഷേധം കോൺഗ്രസ്സ് അണികളിലുണ്ടായിക്കൊണ്ടിരിക്കുകയാണ്. അതിനുള്ള കോപ്രായമാണ് കാട്ടിക്കൊണ്ടിരിക്കുന്നത്. ഇതിനൊരു പരിഹാരം കാണാൻ വേണ്ടി എന്തെങ്കിലും ഒരു മാർഗ്ഗം ഗവൺമെന്റിന്റെ കയ്യിലുണ്ടോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഓഫ്ടേക്ക് കൂട്ടുന്നതിനു വേണ്ടിയാണ് ഇപ്പോൾ ഒരു രൂപ കൂടി സബ്സിഡി വച്ചിട്ടു പതിനാറു കിലോ അരി കൊടുക്കുന്നത്. മൊത്തം രണ്ടു രൂപ സബ്സിഡിക്കാണ് കൊടുക്കുന്നത്. ഒരു മാസം വാച്ച് ചെയ്തിട്ടു ഓഫ്ടേക്ക് കൂടുമെങ്കിൽ നമ്മുടെ സാമ്പത്തിക കഴിവനുസരിച്ച് എത്രത്തോളം സബ്സിഡി കൊടുക്കാമോ അത്രത്തോളം സബ്സിഡി കൊടുക്കാം. ഈ രണ്ടു രൂപ സബ്സിഡി വച്ചുകൊണ്ട് മുഴുവൻ ആളുകളും റേഷനരി യൂട്ടിലൈസ് ചെയ്യുകയാണെങ്കിൽ 150 കോടി രൂപ ബഡ്ജറ്റിൽ കൊള്ളിച്ചിരിക്കുന്നത് 200 കോടി രൂപയാകും.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, പട്ടിണിമരണങ്ങളെക്കുറിച്ച് ധാരാളം വാർത്തകൾ പത്രങ്ങളിൽ വന്നിട്ടുണ്ട്. അതിനെക്കുറിച്ച് എന്തെങ്കിലും അന്വേഷിച്ചിട്ടുണ്ടോ; ആ കുടുംബങ്ങൾക്ക് എന്തെങ്കിലും സഹായം കൊടുത്തോ; ബോണക്കാട്, പൊൻമുടി, കാട്ടാക്കട ഈ മൂന്നിടത്താണ് പട്ടിണിമരണ വാർത്ത വന്നത്. ബോണക്കാട് എസ്റ്റേറ്റ് കഴിഞ്ഞ മൂന്നു വർഷമായി പൂട്ടിക്കിടക്കുന്നതുകൊണ്ട് ആ പ്രദേശങ്ങളിൽ പണിയില്ലെന്നും കൂടുതൽ പട്ടിണി മരണങ്ങളുണ്ടാകാൻ

LIBRARY ARCHIVES Kerala Legislative Assembly

സാദ്ധ്യതയുണ്ടെന്നും വാർത്ത വന്നിരിക്കുന്ന സാഹചര്യത്തിൽ നമ്മുടെ ഗവൺമെന്റ് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? മറ്റു സംസ്ഥാനങ്ങളിൽ എന്തു സംഭവിക്കുന്നു എന്നുള്ളതല്ല നമ്മുടെ കേരളത്തിൽ അസാധാരണമായ സംഭവമാണിത്. അതുകൊണ്ട് ഗവൺമെന്റ് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഇനി ഇത് ഉണ്ടാകരുതെന്നുള്ളതാണ് ഗവൺമെന്റിന്റെ നിലപാട്. ഫുഡ് ഡിപ്പാർട്ട്മെന്റല്ല ഇതു നോക്കുന്നത്. തിരുവനന്തപുരത്ത് കളക്ടർ പോയി ഒരു വീട്ടിൽ റിലീഫ് കൊടുത്തതായി പത്രത്തിൽ കണ്ടു. റിലീഫിനെപ്പറ്റി മറ്റൊരു ചോദ്യം ചോദിച്ചാൽ അന്വേഷിച്ച് മറുപടി പറയാം.

മി.സ്പീക്കർ : ചോദ്യം രണ്ട്, ശ്രീ. സി. കെ. രാജേന്ദ്രൻ.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഇതു ഗുരുതരമായ പ്രശ്നമാണ്. ഇത് ഗവൺമെന്റ് ഗൗരവമായി എടുക്കുന്നില്ല. പട്ടിണിമരണമാണ്.

മി. സ്പീക്കർ : ചോദ്യം 2. ബഹു: മുഖ്യമന്ത്രി..... ഒരു ചോദ്യത്തിനുമാത്രമായി നാല്പതു മിനിറ്റ് എടുത്തു. അതിനാൽ അടുത്ത ചോദ്യത്തിലേക്കു കടക്കുകയാണ്. ഇത് എന്താണ് കാണിക്കുന്നത്? പ്ലീസ് ഒരു ചോദ്യത്തിന് 40 മിനിറ്റ് സമയമെടുത്തു. ഇത് മാത്രം മതിയോ? അടുത്ത ചോദ്യത്തിലേക്ക് കടന്നു. എല്ലാവർക്കും സമയം കൊടുത്തു. 40 മിനിറ്റ് സമയംകൊടുത്തു. മുക്കാൽ മണിക്കൂർ സമയമായി. അടുത്ത ചോദ്യത്തിലേക്ക് കടന്നല്ലോ. ബഹു.പ്രതിപക്ഷ നേതാവ് ..... എന്ത് കഷ്ടമാണ്? ഞാൻ ലിബറലായതാണ് കുഴപ്പം.

ശ്രീഎകെ.ആന്റണി : സർ, ഇത് ഒരു സാങ്കേതിക പ്രശ്നമാണ്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി ചോദിച്ചത് പട്ടിണി മരണമുണ്ടായ സാഹചര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടി സ്വീകരിച്ചു, ആ കുടുംബങ്ങൾക്ക് എന്ത് സഹായം ചെയ്തു, അതിനു ഇനി എന്തു ചെയ്യാൻ പോകുന്നു എന്നുള്ളത് വളരെ അനുകൂലമായ ചോദ്യമാണ്. ഈ ചോദ്യത്തിന് മറുപടി പറയണ്ടേ?

മി.സ്പീക്കർ : അതിനു ബഹു.മന്ത്രി മറുപടി പറഞ്ഞല്ലോ.

ശ്രീ.എ.കെ.ആന്റണി : പറഞ്ഞില്ല.

മി.സ്പീക്കർ : ബഹു. റവന്യൂ വകുപ്പുമന്ത്രി അതിനു മറുപടി പറഞ്ഞു കഴിഞ്ഞു.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. ഇ. ഇസ്മയിൽ) : എനിക്കുവേണ്ടി ബഹു: ആര്യാടനാണ് മറുപടി പറഞ്ഞുകൊണ്ടിരിക്കുന്നത്. ആര്യാടൻ കുറച്ചുകാലമായി മനസ്സിൽ മദ്ദളം കൊട്ടിക്കൊണ്ടിരിക്കുകയാണ്. അത് നടക്കുകയില്ല ആര്യാടൻ. ആ വർത്തമാനം നടക്കുകയില്ല. (ബഹളം)..... ഞാനാണ് മറുപടി പറയേണ്ടതെങ്കിൽ അവർ എനിക്ക് അവസരം തരണം. ഞാൻ മറുപടി പറയുന്നതിനു സമ്മതമല്ലേ? ഇപ്പോൾ കഴിഞ്ഞ ഒരു മാസമായിട്ട് മുഖ്യമായും കാലവർഷക്കെടുതിയുടെ ഭാഗമായി വന്ന സംഭവങ്ങളിൽ അതാത് സ്ഥലങ്ങളിൽ ആവശ്യമായ എല്ലാ നടപടികളുമെടുത്തിട്ടുണ്ട്. സൗജന്യ റേഷൻ കൊടുത്തിട്ടുണ്ട്. (ബഹളം)

LIBRARY ARCHIVES Kerala Legislative Assembly

മി.സ്പീക്കർ : ഇത് ചോദ്യോത്തര സമയമാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ : നിങ്ങൾ പട്ടിണിമരണത്തെപ്പറ്റി പറഞ്ഞതു പോലുള്ള വാർത്ത ഞങ്ങളുടെ ശ്രദ്ധയിലും പെട്ടു. അതുസംബന്ധിച്ച് കളക്ടറോട്, അടിയന്തരമായി അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടു. കളക്ടർ ആ പ്രദേശങ്ങളിൽ പോയി. പട്ടിണിമരണമുണ്ടായി എന്നു പറയുന്ന പ്രദേശങ്ങളിൽ ആവശ്യമായ എല്ലാ നടപടികളും എടുക്കാനും സൗജന്യ റേഷനടക്കം കൊടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. അവിടെ സൗജന്യ റേഷനടക്കമുള്ള എല്ലാ സൗകര്യങ്ങളും ചെയ്യുന്നതിനുവേണ്ടി കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആ നടപടികൾ നടന്നോയെന്നുള്ളത് നിങ്ങൾ അന്വേഷിക്കണം. അത് അന്വേഷിച്ചിട്ട് അങ്ങനെ ചെയ്തിട്ടില്ലെങ്കിൽ നാളെ ഈ സഭയിൽ പറയണം. മരണമുണ്ടായ സ്ഥലങ്ങളിൽ അടിയന്തിര ആശ്വാസ നടപടികൾക്കാവശ്യമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അതിന്റെ റിപ്പോർട്ടും എനിക്ക് കിട്ടിയിട്ടുണ്ട്. കളക്ടറുടെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

മി.സ്പീക്കർ : അത് മതി.

ജനകീയാസൂത്രണം സംബന്ധിച്ച അന്തർദേശീയ സെമിനാർ

2 (*2) ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീ. ജി സുധാകരൻ :
ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 മേയ് 23 മുതൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജനകീയാസൂത്രണ അന്തർദേശീയ സെമിനാറിൽ ഏതെല്ലാം രാജ്യങ്ങളിലെ പ്രതിനിധികൾ പങ്കെടുത്തു ;

(ബി) ആ സെമിനാറിന്റെ പൊതുവായ വിലയിരുത്തലുകൾ എന്തൊക്കെയാണ് ;

(സി) ജനകീയാസൂത്രണം സംബന്ധിച്ച് വിദേശ പ്രതിനിധികളുടെ അഭിപ്രായങ്ങൾ എന്തായിരുന്നു ;

(ഡി) ജനകീയാസൂത്രണം നടത്തിപ്പിന് ഈ സെമിനാർ എത്രമാത്രം പ്രയോജനപ്പെടുമെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : (എ) 2000 മേയ് മുതൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ജനകീയാസൂത്രണ അന്താരാഷ്ട്ര സെമിനാറിൽ ബ്രസീൽ, കാനഡ, ചൈന, ക്യൂബ, ഹെയ്തി, മെക്സിക്കോ, നെതർലാൻഡ്, സൗത്ത് ആഫ്രിക്ക, ശ്രീലങ്ക, സ്വീഡൻ, അമേരിക്ക, കൊറിയ, വിയറ്റ്നാം എന്നീ രാജ്യങ്ങളിലേയും വിദേശ സർവ്വകലാശാലകളിലേയും പ്രതിനിധികൾ പങ്കെടുത്തിട്ടുണ്ട്.

(ബി) നാലുവർഷംകൊണ്ട് പ്രാദേശിക പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനുള്ള കാര്യപ്രാപ്തി കേരളത്തിലെ തദ്ദേശ സ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly